(ബി) സെക്രട്ടേറിയറ്റിൽ ഏതെല്ലാം വകുപ്പുകളിലാണ് പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സെക്രട്ടേറിയറ്റിൽ പഞ്ചിംഗ് നടപ്പിലാക്കിയ സാഹചര്യത്തിൽ നിയമസഭാ സമ്മേളനവുമായി ബന്ധപ്പെട്ട് ആഫീസ് സമയം കഴിഞ്ഞും അധിക ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഓവർടൈം അലവൻസ്/കോംപൻസേറ്ററി അലവൻസ് അനുവദിക്കണമെന്ന് ഏതെങ്കിലും സംഘടന ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ആവശ്യം അനുവദിക്കുവാൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) സർക്കാർ ഓഫീസുകളിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിരുന്നു. ഇതിൽ പഞ്ചിംഗ് ഉൾപ്പെടയുള്ള വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

(ബി) സെക്രട്ടേറിയറ്റിൽ വകുപ്പുതലത്തിലല്ല പഞ്ചിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. അനക്സ് കെട്ടിടത്തിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാർക്കുമാണ് പഞ്ചിംഗ് ബാധകമാക്കിയിട്ടുള്ളത്.

(സി & ഡി) സെക്രട്ടേറിയറ്റിൽ പൂർണ്ണമായും പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

അവിവാഹിതരായ പെൻഷൻകാരുടെ ആശ്രിതർക്ക് ഫാമിലി പെൻഷൻ ലഭ്യമാക്കാൻ നടപടി

15 (3203) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവിവാഹിതരായ ഗവൺമെന്റ് ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിച്ചാൽ അവരുടെ ആശ്രിതർക്കോ അവിവാഹിതരായ സഹോദരികൾക്കോ ഫാമിലി പെൻഷൻ നൽകുന്നുണ്ടോ ;

(ബി) അവിവാഹിതരായ ജീവനക്കാരുടെ മരണശേഷം ആശ്രിതർക്കു പെൻഷൻ കിട്ടാൻ വ്യവസ്ഥയില്ലാത്തതിനാൽ കഷ്ടപ്പെടുന്നവരുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പെൻഷനാകുന്ന അവിവാഹിതരായ ജീവനക്കാർ പെൻഷൻ ബുക്കിൽ നിർദ്ദേശിക്കുന്ന അവകാശിയ്ക്ക് ഫാമിലി പെൻഷൻ നൽകുന്നകാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ഉത്തരം

(എ) അവിവാഹിതരായ ഗവൺമെന്റ് ജീവനക്കാരുടെയോ, പെൻഷനറുടെയോ മരണശേഷം ആശ്രിതരായ മാതാപിതാക്കൾക്ക് ഫാമിലി പെൻഷൻ നൽകുന്നതിന് വ്യവസ്ഥയുണ്ട്. സഹോദരികൾക്ക് ഫാമിലി പെൻഷൻ നൽകാൻ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അച്ഛനോ അമ്മയ്ക്കോ കുടുംബപെൻഷൻ നൽകാൻ വ്യവസ്ഥ നിലവിലുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

വീരശൈവർക്ക് സംവരണാനുകൂല്യങ്ങൾ നൽകാൻ നടപടി

16 (3204) ശ്രീ മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വീരശൈവ സമുദായത്തിന് ഏത് വിഭാഗത്തിൽപ്പെടുത്തിയാണ് സംവരണാനുകൂല്യങ്ങൾ നൽകിവരുന്നത് ;

(ബി) വീരശൈവരിൽ ചില വിഭാഗങ്ങളെ സംവരണാനുകൂല്യങ്ങളിൽ നിന്ന് ഒഴിവാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കും ;

(ഡി) വീരശൈവ സമുദായത്തിലെ വിവിധ ഉപജാതി പേരുകളിൽ അറിയപ്പെടുന്നവരെ പരിഗണിച്ച് 'വീരശൈവർ' എന്ന പൊതുനാമത്തിൽ അംഗീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) വീരശൈവരെ ഒ. ഇ. സി. വിഭാഗത്തിൽ ഉൾപ്പെടുത്തിയിരുന്നുവോ ;

(എഫ്) പിന്നീട് ആ വിഭാഗത്തിൽ നിന്ന് മാറ്റുവാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ജി) 1961-ൽ കെ. കെ. വിശ്വനാഥൻ ഇവാലുവേഷൻ കമ്മിറ്റി വീരശൈവർക്ക് ഒ. ഇ. സി. ആനുകൂല്യം ശുപാർശ ചെയ്തിരുന്നുവോ ;

(എച്ച്) ഈ ശുപാർശ നടപ്പിലാക്കുവാൻ നിവേദനം ലഭിച്ചിരുന്നവോ ; ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(ഐ) വീരശൈവർക്ക് ഒ.ഇ.സി. ആനുകൂല്യം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വീരശൈവ സമുദായത്തിലെ (യോഗി, യോഗേശ്വര) ഉപവിഭാഗങ്ങളെ മറ്റു പിന്നോക്ക വിഭാഗത്തിൽ (ഒ.ബി.സി) ഉൾപ്പെടുത്തിയാണ് സംവരണാനുകൂല്യങ്ങൾ നൽകിവരുന്നത്.

(ബി & സി) ഇപ്രകാരം പരാതി ലഭിച്ചിട്ടുണ്ട്. വീരശൈവ സമുദായത്തിൽപ്പെട്ട ഏതാനും ജാതി ഉപജാതി വിഭാഗങ്ങളെ ഒ. ബി. സി ലിസ്റ്റിൽപ്പെടുത്തണമെന്ന് കേരള വീരശൈവസഭ, കോട്ടയം കേരള സംസ്ഥാന പിന്നോക്ക വിഭാഗകമ്മീഷണറോട് ആവശ്യപ്പെട്ടിരുന്നു. വീരശൈവ (യോഗി, യോഗീശ്വര) എന്നീ ഉപവിഭാഗങ്ങളെ നേരത്തേ തന്നെ ഒ.ബി.സി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുപ്പണ്ടാരം, താലപ്പണ്ടാരം, ഭംഗം എന്നീ ഉപവിഭാഗങ്ങളെയും പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly